**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225** **27-06-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടങ്ങാൻ തീരുമാനിച്ചതും പ്രവൃത്തി ആരംഭിച്ചതുമായ മെഡിക്കൽ കോളേജുകളിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടുള്ള മെഡിക്കൽ കോളേജുകൾ എതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | 2012-ൽ കോന്നി,ഇടുക്കി, മഞ്ചേരി, കാസർഗോഡ മുതലായ സ്ഥലങ്ങളിൽ ഗവ.മെഡിക്കൽ കോളേജ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു.ഇതിൽ ഇടുക്കിയിലും മഞ്ചേരിയിലും ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജുകളായി ഉയർത്തി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.മെഡിക്കൽ കോളേജിന് ആവശ്യങ്ങൾ സൗകര്യങ്ങൾ ഒരുക്കാമെന്ന ഡിക്ലറേഷൻ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം നൽകിയിരുന്നത്.ഇടുക്ക മെഡിക്കൽ കോളേജിൽ രണ്ട് ബാച്ച് എം.ബി.ബി.എസ് അഡ്മിഷൻ ലഭ്യമാക്കിയതും ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു.എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ ഇടുക്കി മെഡിക്കൽ കോളേജിന്റെ അംഗീകാരം 2016-ന്റെ തുടക്കത്തിൽ തന്നെ നഷ്ടപ്പെടുകയായിരുന്നു.തുടർന്ന് കോഴ്സിൽ പ്രവേശിക്കപ്പെട്ട വിദ്യാർത്ഥികളുടെ ഭാവി കണക്കാക്കി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രത്യേക അനുമതി തേടി കൊണ്ട് മറ്റ കോളേജുകളിലേക്ക് വിദ്യാർത്ഥികളെ മാറ്റി കോഴ്സ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.മഞ്ചേരി മെഡിക്കൽ കോളേജിന്റെ അംഗീകാരം നിലനിർത്തുന്നതിനും സുഗമമായ പ്രവർത്തനത്തിനുമായി അടിസ്ഥാന സൗകര്യങ്ങ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരുക്കുകയും എം.ബി.ബി.എസ് കോഴ്സിന് സ്ഥിര അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.ഇവിടെ സൗകര്യങ്ങൾ വർധിപ്പിച്ചതിൻെറ ഭാഗമായി എൻ.എം.സി-യിൽ നിന്നും അനുമതി ലഭ്യമാക്കി മൂന്ന് വിഭാഗത്തിൽ പി.ജി കോഴ്സ് ആരംഭിച്ചിട്ടുണ്ട്.അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനെ തുടർന്ന് ഇടുക്കി / |

| | | | |
|---|---|---|---|
| | | | കോന്നി മെഡിക്കൽ കോളേജുകളിൽ 2022-23 അധ്യയന വർഷത്തിൽ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിനായി ലെറ്റർ ഓഫ് പെർമിഷന് വേണ്ടി നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുകയും ആയതു പ്രകാരം എൻ.എം.സി ഇൻസ്പെക്ഷൻ നടത്തുകയും ചെയ്യുകയുണ്ടായി.അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു.കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ച കൊല്ലം മെഡിക്കൽ കോളേജും നിലവിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാണ്. |
| (ബി) | കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ 2021-22 അദ്ധ്യയന വർഷം മെഡിക്കൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുവാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | 2012-ൽ കോന്നി,ഇടുക്കി, മഞ്ചേരി, കാസർഗോഡ് മുതലായ സ്ഥലങ്ങളിൽ ഗവ.മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു.ഇതിൽ ഇടുക്കിയിലും മഞ്ചേരിയിലും ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജുകളായി ഉയർത്തി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.മെഡിക്കൽ കോളേജിന് ആവശ്യങ്ങൾ സൗകര്യങ്ങൾ ഒരുക്കാമെന്ന ഡിക്ലറേഷൻ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം നൽകിയിരുന്നത്.ഇടുക്കി മെഡിക്കൽ കോളേജിൽ രണ്ട് ബാച്ച് എം.ബി.ബി.എസ് അഡ്മിഷൻ ലഭ്യമാക്കിയതും ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു.എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ ഇടുക്കി മെഡിക്കൽ കോളേജിന്റെ അംഗീകാരം 2016-ന്റെ തുടക്കത്തിൽ തന്നെ നഷ്ടപ്പെടുകയായിരുന്നു.തുടർന്ന് കോഴ്സിൽ പ്രവേശിക്കപ്പെട്ട വിദ്യാർത്ഥികളുടെ ഭാവി കണക്കാക്കി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രത്യേക അനുമതി തേടി കൊണ്ട് മറ്റു കോളേജുകളിലേക്ക് വിദ്യാർത്ഥികളെ മാറ്റി കോഴ്സ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.മഞ്ചേരി മെഡിക്കൽ കോളേജിന്റെ അംഗീകാരം നിലനിർത്തുന്നതിനും സുഗമമായ പ്രവർത്തനത്തിനുമായി അടിസ്ഥാന സൗകര്യങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരുക്കുകയും |

| | | | |
|---|---|---|---|
| | | | എം.ബി.ബി.എസ് കോഴ്സിന് സ്ഥിര അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.ഇവിടെ സൗകര്യങ്ങൾ വർധിപ്പിച്ചതിൻെറ ഭാഗമായി എൻ.എം.സി-യിൽ നിന്നും അനുമതി ലഭ്യമാക്കി മൂന്ന് വിഭാഗത്തിൽ പി.ജി കോഴ്സ് ആരംഭിച്ചിട്ടുണ്ട്.അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനെ തുടർന്ന് ഇടുക്കി / കോന്നി മെഡിക്കൽ കോളേജുകളിൽ 2022-23 അധ്യയന വർഷത്തിൽ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിനായി ലെറ്റർ ഓഫ് പെർമിഷന് വേണ്ടി നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുകയും ആയതു പ്രകാരം എൻ.എം.സി ഇൻസ്പെക്ഷൻ നടത്തുകയും ചെയ്യുകയുണ്ടായി.അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു.കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ച കൊല്ലം മെഡിക്കൽ കോളേജും നിലവിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാണ്. |
| (സി) | മേൽപ്പറഞ്ഞ മെഡിക്കൽ കോളേജുകളിൽ ആവശ്യമായ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | മഞ്ചേരി മെഡിക്കൽ കോളേജിൽ 227 അദ്ധ്യാപക തസ്തികകളും 65 അനദ്ധ്യാപക തസ്തികകളും 40 ഔട്ട് സോഴ്സ് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ 120 അദ്ധ്യാപക തസ്തികകളും 55 അനദ്ധ്യാപക തസ്തികകളും 82 ഔട്ട് സോഴ്സ് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ 109 അദ്ധ്യാപക തസ്തികകളും 195 അനദ്ധ്യാപക തസ്തികകളും 90 കോൺട്രാക്ട് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>കോവിഡ് 19 നേരിടുന്നതിനായി കാസർഗോഡ് മെഡിക്കൽ കോളേജിൽ അക്കാഡമിക് ബ്ലോക്കിൽ ആശുപത്രി പ്രവർത്തിച്ചിരുന്നു.കാസർഗോഡ് മെഡിക്കൽ കോളജിനായി 273 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.ഇപ്പോൾ അക്കാദമിക് ബ്ലോക്കിൽ ഓ.പി സംവിധാനം പ്രവർത്തിച്ചു വരുന്നു . |

| | | | |
|---|---|---|---|
| | | | കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ 83 അദ്ധ്യാപക തസ്തികകളും 307അനദ്ധ്യാപക തസ്തികകളും 4 ഫുൾ ടൈം സ്വീപ്പർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | മേൽപ്പറഞ്ഞ മെഡിക്കൽ കോളേജുകൾ നാഷണൽ മെഡിക്കൽ കമ്മീഷന്റെ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മഞ്ചേരി, ഇടുക്കി, കോന്നി, കൊല്ലം സർക്കാർ മെഡിക്കൽ കോളേജുകൾ നാഷണൽ മെഡിക്കൽ കമ്മീഷന്റെ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ